അമ്മേ ശരണം ദേവീ ശരണം ॐ ചെട്ടികുളങ്ങര അമ്മേ ശരണം

തിരുവിതാംകൂർ ദേവസ്വം ബോർഡ്

# ചെട്ടികുളങ്ങര ദേവീക്ഷേത്രം

**ശ്രീദേവി വിലാസം ഹിന്ദുമത കൺവൻഷൻ ട്രസ്റ്റ്**

മാവേലിക്കര, ആലപ്പുഴ ജില്ല



# ഉപനിഷദ്-ഗീതാ മഹാസത്രം



ആധുനിക ഭാരതത്തിൽ ആദ്യമായി

## ഭദ്രകാളി അഷ്ടോത്തര ശതനാമ ദശലക്ഷാർച്ചന

**2026 ജനുവരി 04 മുതൽ 18 വരെ**

**(1201 ധനു 20 മുതൽ മകരം 04 വരെ)**



ആധുനിക ഭാരതത്തിൽ ആദ്യമായി

**ഭദ്രകാളി അഷ്ടോത്തര ശതനാമ ദശലക്ഷാർച്ചന**

ആരാധനയും ജ്ഞാനവും നിറയ്ക്കുന്ന പാരായണ പ്രഭാഷണങ്ങൾ

അറിവും ആനന്ദവും പകരുന്ന വിജ്ഞാന-വിനോദ സദസ്സുകൾ

ഗീതാസാരത്തെ അവതരിപ്പിക്കുന്ന മനോഹര പ്രദർശനങ്ങൾ

ദിവ്യഭാവം പകരുന്ന പുണ്യ ഘോഷയാത്രകൾ

ഭാരതത്തിന്റെ നിറങ്ങളും നൃത്തങ്ങളും ചേർന്ന സാംസ്കാരിക പ്രകടനങ്ങൾ

www.chettikulangaradevitemple.org




ധന്യാത്മൻ

ഐതിഹ്യപ്പെരുമയും പെരുമയും ഇഴചേർന്ന ഓണാട്ടുകരയുടെ മണ്ണിൽ ഭക്തലക്ഷങ്ങളുടെ ഹൃദയത്തിൽ സൂര്യ ശോഭപരത്തി നിൽക്കുന്ന ചെട്ടികുളങ്ങര അമ്മയുടെ പുണ്യഭൂമിയിൽ ചരിത്രത്തിലാദ്യമായി ഉപനിഷദ് ഗീതാ മഹാസത്രവും ഭദ്രകാളി അഷ്ടോത്തര ശതനാമ ദശലക്ഷാർച്ചനയും അരങ്ങേറുന്നു.

ആർഷ സംസ്കൃതിയെ ആവാഹിച്ചെടുത്ത വിശ്വോത്തരസൃഷ്ടിയായ ഉപനിഷത്തുകളുടെയും, ശ്രീമദ് ഭഗവത്ഗീതയുടേയും പാരായണവും അതിന്റെ വ്യാഖ്യാനങ്ങളും, പ്രഭാഷണങ്ങളും ഭഗവതിക്ക് അഷ്ടോത്തര ശതനാമ ദശലക്ഷാർച്ചനയും കൂടാതെ ഭാരതത്തിന്റെ വൈവിധ്യപൂർണ്ണമായ വിജ്ഞാനവിനോദ സദസ്സുകളും കലാപരിപാടികളും കൊണ്ട് സമ്പുഷ്ടമാണ് ഈ മഹായജ്ഞം.

**ശ്രീദേവി വിലാസം ഹിന്ദുമത കൺവൻഷൻ ട്രസ്റ്റിന്റെ നേതൃത്വത്തിൽ നടക്കുന്ന മഹായജ്ഞത്തിന് 2026 ജനുവരി 04 ന് തിരിതെളിയും. 15 ദിവസം നീണ്ടുനിൽക്കുന്ന ഉപനിഷദ് - ഗീതാ മഹാസത്രവും ഭദ്രകാളി അഷ്ടോത്തര ശതനാമ ദശ ലക്ഷാർച്ചനയും ഭക്ത്യാനുഭൂതിയുടെ നിറച്ചാർത്തണിയിച്ച് 2026 ജനുവരി 18 ന് ഭഗവതിയുടെ തൃപ്പാദാര വിന്ദങ്ങളിൽ സമർപ്പിക്കപ്പെടും.**

ലോകരാഷ്ട്രങ്ങളേറെ അത്ഭുതാദരങ്ങളോടെ കാണുന്ന ശ്രീമദ് ഭഗവത്ഗീതയുടേയും ഉപനിഷത്തുകളുടെയും അപാരസൗന്ദര്യം പുതുതലമുറകളിലേക്ക് എത്തിക്കുവാൻ പണ്ഡിത ശ്രേഷ്ഠന്മാർ നേതൃത്വമേകും. യുദ്ധത്തിന്റെ ദേവത എന്ന് അറിയപ്പെടുന്ന രൗദ്രദേവതയായ ഭദ്രകാളി നമ്മയെ സംരക്ഷിക്കുന്ന ഐശ്വര്യത്തിന്റേയും ഭാഗ്യത്തിന്റേയും ദേവിയായി, ആദിപരാശക്തിയായി കണക്കാക്കപ്പെടുന്നു. ഭദ്രകാളി അഷ്ടോത്തരം ഭക്തരെ അഹംഭാവത്തിൽ നിന്ന് മോചിപ്പിക്കുകയും മോക്ഷം സാധ്യമാക്കുകയും ചെയ്യും. ഭദ്രകാളി അഷ്ടോത്തരം ഭക്തരെ ദൂഷിച്ച കണ്ണുകളിൽനിന്നും മന്ത്രവാദത്തിൽ നിന്നും സംരക്ഷിക്കുന്ന ഒരു കവചമായി പ്രവർത്തിക്കുന്നു. ഭക്തജനങ്ങൾക്ക് അതിശ്രേഷ്ഠമായ ദിവ്യാനുഭവം ഈ മന്ത്രധാരയിലൂടെ സാധിക്കുമെന്നുള്ളത് ദേവീകടാക്ഷത്തിന്റെ പരകോടിയായി ലഭിക്കുന്നു. കൂടാതെ ഭാരതത്തിന്റെ വൈവിധ്യ പൂർണ്ണമായ വിജ്ഞാന - വിനോദസദസ്സുകളും കലാപരിപാടികളും കൊണ്ട് സമ്പുഷ്ടമാണ് ഈ മഹാജ്ഞം.

ഈ മഹായജ്ഞത്തോടനുബന്ധിച്ച് ഗ്രന്ഥഘോഷയാത്ര; ഹരിയാനയിലെ കുരുക്ഷേത്രയിൽ നിന്നും, ദീപഘോഷയാത്ര; ചെട്ടികുളങ്ങര ഭഗവതിയുടെ മൂലസ്ഥാനമായ കൊടുങ്ങല്ലൂർ ശ്രീകുരുംബ കാവിൽനിന്നും, വിഗ്രഹ ഘോഷയാത്ര; അനന്തശായിയായ തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ നിന്നും, ധ്വജഘോഷയാത്ര; കണ്ണകിയുടെ മൂലകേന്ദ്രവും മരഗതവല്ലി ശ്രീ മീനാക്ഷിയുടെ രാജധാനിയായ മധുരയിൽ നിന്നും, യജ്ഞശാലയിൽ സ്ഥാപിക്കുന്ന കൊടിമര ഘോഷയാത്ര; അർജ്ജുന കീർത്തിതമായ ആറന്മുള ശ്രീ പാർത്ഥസാരഥി ക്ഷേത്രത്തിൽ നിന്നും ആരംഭിക്കുന്നതാണ്.

ശ്രീദേവി വിലാസം ഹിന്ദുമത കൺവൻഷന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ലോക ശ്രദ്ധേയമായ ഈ മഹാസത്രത്തിൽ അൻപത് ലക്ഷത്തിലധികം ഭക്തർ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഉപനിഷദ് - ഗീതാ മഹാസത്രവും, ഭദ്രകാളി അഷ്ടോത്തര ശതനാമ ദശലക്ഷാർച്ചനയും എക്കാലത്തേയും അവിസ്മരണീയമായ ഭക്തി മുഹൂർത്തമാക്കുവാൻ അങ്ങയുടെയും കുടുംബത്തിന്റെയും പങ്കാളിത്തവും പ്രോത്സാഹനവും വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഭക്ത്യാദരങ്ങളോടെ,

**ബി. ഹരികൃഷ്ണൻ**
ചെയർമാൻ
ഫോൺ: 94469 30846

**എം. മനോജ് കുമാർ**
ജനറൽ കൺവീനർ
ഫോൺ: 89432 92982





## ചെട്ടികുളങ്ങര ദേവീക്ഷേത്രം


കേരളത്തിലെ ആലപ്പുഴ ജില്ലയിൽ മാവേലിക്കരയ്ക്കടുത്ത് ചെട്ടികുളങ്ങരയിൽ സ്ഥിതി ചെയ്യുന്ന അതിപ്രശസ്തമായ ദേവീക്ഷേത്രം. ആയിരത്തോളം വർഷം പഴക്കമുള്ള ഈ ക്ഷേത്രത്തിലെ പ്രധാനപ്രതിഷ്ഠ 5 അടിയിൽ കൂടുതൽ ഉയരമുള്ള ഭദ്രകാളിയുടെ ദാരുശില്പമാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ശബരിമല കഴിഞ്ഞാൽ വരുമാനത്തിൽ രണ്ടാമത് നിൽക്കുന്നതും വർഷത്തിൽ ആറുമാസത്തിൽ കൂടുതൽ ഉത്സവങ്ങൾ നടത്തപ്പെടുന്നതുമായ അപൂർവ്വ ക്ഷേത്രമാണിത്. ലോകപ്രശസ്തമായ കുംഭഭരണി മഹോത്സവം ഇവിടുത്തെ പ്രധാനഉത്സവമാണ്. മഹാഭാരതവും രാമായണവും പതിനെട്ട് പുരാണങ്ങളും മഹായജ്ഞമായി നടത്തിയ ആധുനിക ഭാരതത്തിലെ ഒരേ ഒരു ക്ഷേത്രമാണ് ഇത്.



## ശ്രീദേവി വിലാസം ഹിന്ദുമത കൺവൻഷൻ ട്രസ്റ്റ്

ചെട്ടികുളങ്ങര ദേവി ക്ഷേത്രത്തിന്റെ ക്ഷേത്ര അവകാശികളായ 13 കരകളുടെ ഏകീകൃത സംഘടനയും, ക്ഷേത്ര ഭരണ സമിതിയുമായ ശ്രീദേവി വിലാസം ഹിന്ദുമത കൺവൻഷൻ ട്രസ്റ്റ് ആണ് ക്ഷേത്രത്തിലെ ഉത്സവാദി അടിയന്തിരങ്ങൾക്കും ക്ഷേത്ര ആചാരാനുഷ്ഠാന സംരക്ഷണത്തിനും, ക്ഷേത്ര വികസനത്തിന് നേതൃത്വം നൽകുന്നതും ക്ഷേത്ര ഭരണ സമിതിയായ ഈ സംഘടനയാണ്.

ശ്രീദേവി വിലാസം ഹിന്ദുമത കൺവൻഷൻ ട്രസ്റ്റിന്റെ നേതൃത്വത്തിൽ ആണ് ചെട്ടികുളങ്ങര ദേവിക്ഷേത്രത്തിൽ മഹാഭാരതവും രാമായണവും പതിനെട്ട് പുരാണങ്ങളും മഹായജ്ഞമായി നടത്തപ്പെട്ടത്. കാലങ്ങളായി ക്ഷേത്രത്തിൽ ആയിരക്കണക്കിനു ഭക്തർക്ക് മുടങ്ങാതെ രണ്ട് നേരവും അന്നദാനം നൽകുന്നു. കൂടാതെ സമൂഹ നന്മയ്ക്കായി നിരവധി സേവനപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. 2018-ലെ പ്രളയത്തിൽ നൂറുകണക്കിന് ഗ്രാമങ്ങളിലേക്ക് സഹായഹസ് തവുമായി എത്തിയ ശ്രീദേവി വിലാസം ഹിന്ദുമത കൺവൻഷൻ ട്രസ്റ്റ് ആരോഗ്യം, വിദ്യാഭ്യാസം, കല-സാംസ് കാരികം, സാമൂഹികം, ക്ഷേത്രവികസനം, ധാർമ്മികം തുടങ്ങിയ വിവിധ മേഖലകളിൽ ചിട്ടയോടെ പ്രവർത്തനങ്ങൾ നടത്തുന്നു.



### ആധുനിക ഭാരതത്തിൽ ആദ്യമായി

# ഭദ്രകാളി അഷ്ടോത്തര ശതനാമ ദശലക്ഷാർച്ചന

*"ഭദ്രകാളി നാമമിദം ജപ്യം ശത്രുസംക്ഷയകാംക്ഷിണാ
സ്വർഗ്ഗാപവർഗ്ഗദം പുണ്യം ദുഷ്ടഗ്രഹനിവാരണം."*

രുദ്രസുതയും രക്ത നയനയും രക്താമ്പര ധാരിണിയും സർവ്വശക്തി സ്വരൂപിണിയും ജ്ഞാന സമ്പത്തിനെ പ്രദാനം ചെയ്യുന്ന വേതാളത്തെ വാഹനമാക്കിയ സർവ്വ ബാധ പ്രശമനിയും സർവ്വരോഗ വിനാശിനിയുമായ അമ്മയ്ക്ക് ഏറെ പ്രിയങ്കരമായിരിക്കുന്ന ഈ 108 നാമങ്ങൾ 10 ലക്ഷം ഉരു അമ്മയുടെ തിരുസന്നിധിയിൽ സമർപ്പിക്കുകയാണ്.
ഈ യജ്ഞത്തിൽ പങ്കാളികളാകുന്ന സകല ഭക്തർക്കും ശത്രു ദോഷ ഗ്രഹദോഷ പരിഹാരവും സർവ്വാപത്തുകളെയും ശമിപ്പിക്കുന്നതും പുണ്യപ്രദായകവുമാണ്..

| | |
|---|---|
| ഭദ്രകാളി അഷ്ടോത്തര ശതനാമ ദശലക്ഷാർച്ചന | : 500 /- രൂപ |
| ഒരു ദിവസത്തെ പൂജ | : 2,00,000 /- രൂപ |
| ഒരുദിവസത്തെ അന്നദാനം | : 5,00,000 /- രൂപ |
| അന്നദാനം ഒരാൾക്ക് | : 50 /- രൂപ |

**ഹോമങ്ങൾ**

| | |
|---|---|
| നവഗ്രഹ ഹോമം | : 300 /- രൂപ |
| സ്വയംവര ഹോമം | : 200 /- രൂപ |
| ധന്വന്തരി ഹോമം | : 200 /- രൂപ |
| സന്താനഗോപാല ഹോമം | : 200 /- രൂപ |




കൂടുതൽ വിവരങ്ങൾക്ക് :
ജനറൽ കൺവീനർ/ചെയർമാൻ
**ഉപനിഷദ് ഗീതാ മഹാസത്രം**
ശ്രീദേവി വിലാസം ഹിന്ദുമത കൺവൻഷൻ ട്രസ്റ്റ്
ചെട്ടികുളങ്ങര ദേവീക്ഷേത്രം
മാവേലിക്കര, ആലപ്പുഴ 690 106
ഫോൺ : +91 479 2346600
chettikulangaradevitemple13@gmail.com
www.chettikulangaradevitemple.org